കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന അഴിമതി

135 [592] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതി കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇവരിൽ ആരെങ്കിലും കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സഹകരണ സ്ഥാപനത്തിന്റെ ഔദ്യോഗിക പദവിയിൽ ഉണ്ടോ ;

(ഡി) എങ്കിൽ ഏത് സ്ഥാപനത്തിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതിയെപ്പറ്റി പോലീസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കയാണ്.

(ബി) പേരു വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

(ഡി) വിശദവിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

സംസ്ഥാന സഹകരണ ബാങ്ക് സ്കൈബ്ലൂ എന്ന സ്വകാര്യ സ്ഥാപനവുമായി ചേർന്നുണ്ടാക്കിയ ധാരണ

136 [593] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് സ്കൈബ്ലൂ എന്ന സ്വകാര്യ സ്ഥാപനവുമായി ചേർന്ന് വിദ്യാഭ്യാസ വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ വായ്പ ലഭ്യമാക്കി കൊടുക്കാമെന്ന് ഉറപ്പ് നൽകി ഈ സ്ഥാപനം പ്രൊഫഷണൽ വിദ്യാർത്ഥികളെ കബളിപ്പിച്ചതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) കുട്ടികളെ കബളിപ്പിച്ചതായി പറയുന്ന ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ ബാങ്കോ, ഇതര സർക്കാർ ഏജൻസികളോ എന്തെങ്കിലും ഇടപാടുകൾ ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വിശദമായി അന്വേഷിക്കുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly